
ജൂലൈ 2025



# GREGORIAN PARISH BULLETIN

## മരുഭൂമിയിലെ പരുമല



**ST. GREGORIOS ORTHODOX CHURCH SHARJAH**

ESTD : 1979 Vol 07/2025 JULY 2025 / Pages 8

## ആത്മീയ നിറവ്, യേശുവിന്റെ വാഗ്ദാനം

**(പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ) വി. യോഹന്നാൻ 6:35-46** ഒരു നാണയത്തിനു രണ്ടു വശങ്ങളുണ്ട്. രണ്ടും തുല്യപ്രധാനമാണ്. അതുപോലെ യേശുക്രിസ്തുവിന് തുല്യ പ്രധാനമായ രണ്ടു സ്വഭാവങ്ങളുണ്ട്. ദൈവത്വവും മനുഷ്യത്വവും, വി. ലൂക്കോസ് മനുഷ്യത്വത്തെ വ്യക്തമാക്കിക്കൊണ്ട് മനുഷ്യപുത്രനായി വരച്ചുകാണിക്കുന്നു. വി. യോഹന്നാൻ, യേശുവിന്റെ ദൈവത്വം വ്യക്തമാക്കുമാറ് ദൈവപുത്രനായി തന്നെ അവതരിപ്പിക്കുന്നു. ക്രിസ്തുവിന്റെ ഏഴ് അദ്ഭുതങ്ങളെയും 'ഞാൻ ആകുന്നു' എന്നു പറയുന്ന ഏഴു പ്രസ്താവനകളെയും കേന്ദ്രമാക്കിയാണ് സുവിശേഷം മുന്നോട്ടു നീങ്ങുന്നത്. ജീവന്റെ അപ്പം: 'ഞാൻ ആകുന്നു' എന്നു പറയുന്ന ഏഴു പ്രസ്താവനകളിൽ ഒന്ന്, ഇന്നത്തെ വി. വേദഭാഗത്ത് നാം ശ്രദ്ധിക്കുന്നു. 'ഞാൻ ജീവന്റെ അപ്പമാകുന്നു' (വി.യോഹന്നാൻ 6:35). (ക്രിസ്തു മാനവജാതിയുടെ ഭൗതികമായ വിശപ്പ് ശമിപ്പിക്കുവാൻ മാത്രമല്ല, നിത്യജീവന്റെ ആഹാരം നൽകുന്നതിനും കൂടിയാണെന്ന് പഠിപ്പിക്കുകയാണ്.

ജീവന്റെ അടിസ്ഥാന ആവശ്യമാണ് അപ്പം അഥവാ ആഹാരം എന്നത്. വസ്ത്രവും പാർപ്പിടവും അടിസ്ഥാന ആവശ്യങ്ങളിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായത് ആഹാരമാണ്. വസ്ത്രവും പാർപ്പിടവും ഇല്ലെങ്കിലും ജീവൻ നിലനിർത്താം. എന്നാൽ ആഹാരം ഇല്ലാതിരുന്നാൽ അധികകാലം ജീവൻ നിലനിർത്താൻ സാധ്യമല്ല. യേശുവിനെ കൂടാതെ ഒരു വിശ്വാസിക്ക് ജീവൻ നിലനിൽക്കുകയില്ല എന്ന സത്യമാണ് 'ഞാൻ ജീവന്റെ അപ്പമാണ്' എന്ന പ്രസ്താവനയിലൂടെ യേശുക്രിസ്തു വെളിപ്പെടുത്തുന്നത്.

'എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല' (വി. യോഹന്നാൻ 15:5), യേശുക്രിസ്തു നമ്മുടെ ജീവന്റെ നിലനില്പിന് അടിസ്ഥാന ആധാരമാണ്. യേശുവിൽ വിശ്വസിക്കുകയും യേശുവിനെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുക എന്നത് എല്ലാ വിശ്വാസികളുടെയും അടിസ്ഥാന കടമയാണ്.

വി. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ യേശുക്രിസ്തു ജീവന്റെ അപ്പമാകുന്നു എന്നതിനു സമാനമായ വാക്യങ്ങൾ കാണുന്നുണ്ട്. 'നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം' (6:27), 'സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം' (6:32), 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകത്തിനു ജീവനെ കൊടുക്കുന്ന ദൈവത്തിന്റെ അപ്പം' (6:33), 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം' (6:51). ഇവയെല്ലാം ക്രിസ്തുവിനെ സംബന്ധിച്ച് പറയുമ്പോൾ വി. കുർബ്ബാനയെ സംബന്ധിച്ച് തന്നെയാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ഓരോ പന്തി ഭോജനവും കർത്താവിന്റെ മേശയിൽ നിന്നും നിത്യജീവന്റെ ഭക്ഷണമായ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിന്റെ പ്രതീകവും പ്രതിധ്വനിയുമായി കാണുന്നു.

**ദൈവത്വവും മനുഷ്യത്വവും:** യേശുക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ട്. ദൈവത്വവും മനുഷ്യത്വവും.

ഇവ രണ്ടും ഒരുമിച്ച് ഒന്നായി സംയോജിക്കപ്പെട്ടിരുന്നു. ഇവ രണ്ടും വേർതിരിച്ചറിയുന്ന രണ്ടു പ്രസ്താവനകൾ ഇന്നത്തെ വി. സുവിശേഷഭാഗത്ത് നാം വായിക്കുന്നുണ്ട്. ഒന്ന്, 'യേശു അവരോട് പറഞ്ഞത്; ഞാൻ ജീവന്റെ അപ്പമാകുന്നു; എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല' (6:35). ഇത് യേശുവിന്റെ ദൈവത്വത്തെ പ്രകടമാക്കുന്ന വാക്യമാണ്. രണ്ട്, 'ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത്' (6:38). ഇത് മനുഷ്യത്വ ത്തിന്റെ ഭാവമാണ്.

യേശുക്രിസ്തു മഹത്വത്തിന്റെ ഭാവങ്ങൾ എന്തെല്ലാം പ്രകടമാക്കിയിട്ടുണ്ടോ, അവയെല്ലാം അനുകരിക്കുവാൻ മനുഷ്യരെന്ന നിലയിൽ നമുക്ക് ഉത്തരവാദിത്വമുണ്ട്. യേശുക്രിസ്തു ഉറങ്ങി (വി. മത്തായി 8:24, 4:38), വിശന്നു (വി. മർക്കോസ് 11:12), ദാഹിച്ചു (വി. യോഹന്നാൻ 4:7), ക്ഷീണിച്ചു (വി. യോഹന്നാൻ 4:5), കരഞ്ഞു (വി. യോഹ ന്നാൻ 11:36), അറിവില്ല എന്നു പറഞ്ഞു (വി. മർക്കോസ് 13:32), പിശാച് എന്നു വിളിച്ചു (വി. യോഹന്നാൻ 6:70). കളിയാക്കി (വി. യോഹന്നാൻ 6:26), പിതാവിന്റെ ഇഷ്ടം മാത്രമേ ചെയ്യുകയുള്ളു എന്നു പറഞ്ഞു (വി. യോഹനാൻ 6:38) ഇവയെല്ലാം യേശുവിന്റെ മനുഷ്യത്വ സ്വഭാവത്തിന്റെ അടയാളങ്ങളാണ്.

നമ്മുടെ പ്രവൃത്തികളെല്ലാം ദൈവഇഷ്ടം അനുസരിച്ചായിരിക്കണം. പ്രാർത്ഥന ആവശ്യമാണ്. നാം എന്തു ചെയ്താലും ദൈവത്തിന്റെ ഇഷ്ടമാണ് നടക്കേണ്ടത്. രോഗം, കഷ്ടത, ദുഃഖം, മരണം, സാമ്പത്തിക ക്ലേശം തുടങ്ങിയവയൊക്കെ, ദൈവഇഷ്ടമായി നടക്കുന്നതാണോ എന്ന് നമുക്ക് തന്നെ വിലയിരുത്താവുന്നതാണ്. 'പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീങ്ങിപ്പോകണമേ' (വി. മത്തായി 26:39) എന്ന് മരണവേദനപോലെ അതിദുഃഖിതമായ മനസ്സുകൊണ്ട് പ്രാർത്ഥിച്ച കർത്താവിനെ നാം കാണുന്നുണ്ട്. ആ പ്രാർത്ഥനയുടെ അവസാനം യേശുതമ്പുരാൻ പ്രാർത്ഥിക്കുന്നത് 'എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല നീ ഇച്ഛിക്കുംപോലെ ആകട്ടെ' (വി. മത്തായി 26:39) എന്നാണ്.

**വിശ്വാസികൾക്കുള്ള വാഗ്ദാനങ്ങൾ**

യേശുക്രിസ്തു തന്റെ പ്രഭാഷണങ്ങളിൽ വിശ്വാസികൾക്ക് നിറയെ വാഗ്ദാനങ്ങൾ നൽകുന്നുണ്ട്. തന്റെ വാഗ്ദാനങ്ങൾ പാഴ്വാക്കുകളല്ല. യാഥാർത്ഥ്യമാകുന്നതു മാത്രമാണ് കർത്താവ് പറയുന്നത്. പ്രവർത്തിയിൽ വരാത്ത തൊന്നും വാഗ്ദാനങ്ങൾ ആയി കർത്താവ് പറയാറില്ല. ഇന്നത്തെ വി. സുവിശേഷഭാഗത്ത് ആത്മനിറവിനുള്ള വാഗ്ദാനങ്ങൾ യേശു നൽകുന്നു. 'എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവനു ദാഹിക്കുകയുമില്ല. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയുമില്ല' (വാ. 35, 37).

'ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല' (വി. യോഹന്നാൻ 11:26).

**1.** കരുതൽ 'യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്യുക, ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്കുക, യഹോവയിൽ തന്നേ രസിച്ചുകൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ നിനക്കു തരും' (സങ്കീർത്തനം 37:3, 4). **2.** അപരിമിതമായ അനുഗ്രഹങ്ങൾ വി. മർക്കോസ് 9:23. **3.** പ്രാർത്ഥനയ്ക്കു മറുപടി വി. മർക്കോസ് 11:24, **4.** പ്രതിബന്ധങ്ങൾ നീക്കിത്തരുന്നു വി. ലൂക്കോസ് 17:6. **5.** ദിവ്യപുത്രത്വം വി. യോഹന്നാൻ 1:12. **6.** നിത്യജീവൻ വി. യോഹന്നാൻ 3:14, 15, 5:24. **7.** ആത്മീയ വെളിച്ചം വി. യോഹന്നാൻ 12:46. **8.** ശുശ്രൂഷയ്ക്കുള്ള ശക്തി വി. യോഹന്നാൻ 14:12. **9.** രക്ഷ റോമർ 1:16, 1 പത്രോസ് 2:6.

ഇവയെല്ലാം യേശുക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ ചിലതു മാത്രമാണ്.

**മുൻവിധി (Pre-Conceived Notion)**

യേശുക്രിസ്തുവിന്റെ ജ്ഞാനവും പ്രഭാഷണങ്ങളും കേട്ട യഹൂദജനം, അവനെ മുൻവിധിയോടെയാണ് സമീപിച്ചത്. 'ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന അപ്പം എന്ന് അവൻ പറഞ്ഞതിനാൽ യഹൂദന്മാർ അവനെക്കു റിച്ച് പിറുപിറുത്തു' (വാ. 41). യേശുവിന്റെ കുടുംബത്തെയും മാതാപിതാക്കളെയും പാരമ്പര്യത്തേയുംക്കുറിച്ച് മനസ്സിലാക്കി മുൻവിധിയോടെ യഹൂദന്മാർ യേശുവിനെ പരിഹസിക്കുകയും അവനെ അംഗീകരിക്കാതിരിക്കുകയും ചെയ്തു.

ക്രിസ്തീയ ജീവിതത്തിൽ മുൻവിധിക്ക് സാംഗത്യമില്ല. വ്യക്തികളും സമൂഹവും മാനസാന്തരത്തിനും അനുതാപത്തിനും വിധേയമാകുന്നതിനാൽ, അവരുടെ വർത്തമാനകാല ജീവിതത്തെ വിലയിരുത്തി മനസ്സിലാക്കണം. നിനുവാ നഗരം മാനസാന്തരത്തിനു വിധേയമായപ്പോൾ അവർ പുതിയ സൃഷ്ടി ആയി. ധൂർത്ത പുത്രന്റ ഉപമയും കള്ളന്റെ മാനസാന്തരവും നല്ല ഉദാഹരണങ്ങളാണ്. 2 കോരിന്ത്യർ 5:17 'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി. അതു പുതുതായിത്തീർന്നിരിക്കുന്നു.



**H.G. Geevarghese Mar Philaxenos Metropolitan**

**ഗ്രീഗോറിയൻ**
**ജൂലൈ – 2025**

**മിഥുനം - കർക്കിടകം 1200**

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
**ലക്കം : 07/2025**

**വെരി. റവ. ഡോ. അഡ്വ. ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. ജിജോ തോമസ് പുതുപ്പള്ളി**
(സഹ. വികാരി)

**ശ്രീ. പ്രസാദ് ഫിലിപ്പ് വർഗ്ഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ. ബിജി കെ എബ്രഹാം**
(ഇടവക സെക്രട്ടറി)

**ശ്രീ. ജാസിൻ എം രാജു**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)


**ശ്രീ. മാത്യൂസ് ജോർജ്ജ്**
(ഇടവക പ്രതിനിധി)

പ്രസാധകർ
**ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയയ്ക്കേണ്ട വിലാസം
e-mail: gregorianshj@gmail.com

*Vicar's Message*

# Our Apostle St. Thomas



Dearly beloved,

Greetings to you all, in the precious name of the Almighty. After the SleehaNombu, we are approaching the great memory of St. Thomas, the Apostle of India. When we commemorate the Saint, we should bestow ourselves at thy feet for getting endurance patience in following the real faith and zeal to follow the faith in God, with out any deviation.

In this bulletin, I would like to draw your attention to one of the great Tmissions of the Church as the ministry of healing. We use to say that, we are living in a modern world, which has been marked by anguish and despair, stemming from ecological disorder, economic injustice and increasing violence as well as scandalous and unexplainable suffering, expressed through different pandemics, has given rise to a deepening concern for healing. The people are going grass roots movements are emerging within Christianity – and more or less in all religions – to seek healing through different forms of spirituality. These movements are sometimes cross – confessional and even syncretistic. Indeed, we have been witnessing a resurgence of the healing ministry of the church.


As we are aware, healing is one among the gifts of the Holy Spirit. The Holy Spirit, enable the Church for the healing. The church is endowed by God's grace and power of healing. The prevailing missiological misconception, which considers healing a specialised ministry of the church and neglects it as a core element, needs to be corrected by an ecclesiological understanding that perceives healing to be integral to the church's essence, manifested through its sacramental life, diaconal action and evangelistic outreach.

The Holy Bible, declares that Jesus Christ as the Great Healer of all times. With a title, let me explain;

Healing is rooted in God's revelation. Both in the Old and New testaments God has revealed Himself as a healer. Sickness is perceived as the brokenness of the relationship with God; it is estrangement from God. Healing is found in the restoration of the right relationship with God. Most of Jesus' miracles are miracles of healing. Healing is an essential dimension of Christ's mission and a concrete manifestation of His redemptive ministry. It is a sign and anticipation of the eschatological breaking in the Kingdom of God (Luke 10:09) and participation in God's kingdom. Christ gave His disciples the ministry of healing; heal the sick, raise the dead, clean lepers, cast out demons, the Kingdom of God has come near to you (Mt. 10:1,5, 7. Lk: 9 1-2, 10: 09). Healing became a vital component of the mission of the early church( acts 3: 1-10, 9:12,17, 18. 14: 19 – 20, 20:7 -12). In the later centuries, however, due to historical circumstances, healing lost much of its significance in the sacramental life, evangelical out reach and diaconal action of the Church.

I would like to request you to pray for the Church, to exercise, experience and implement the great spiritual presence and enlightenment in our life.

With Best wishes
**Very Revd. Shaji George Cor Episcopos.**









അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരണപ്പെട്ട പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിത ആർ. നായരുടെ ഭൗതികശരീരത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വേണ്ടി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പുഷ്പചക്രം സമർപ്പിച്ചു.

## നസ്രാണി സംഗമം പഴയസെമിനാരിയിൽ ജൂലൈ 11ന്

കോട്ടയം: കേരള നവോത്ഥാന നായകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഓർമ്മദിനത്തിൽ അദ്ദേഹം ആരംഭം കുറിച്ച സഭയുടെ കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂളുകളിലെ ജീവനക്കാർ പഴയ സെമിനാരിയിൽ സമ്മേളിക്കുന്നു. പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും.

## യാത്രയയപ്പ്



| ROBY VARGHESE | BONI THOMAS | MATHEW VK |
|---|---|---|
| 2004 മുതൽ ഇടവകാംഗം | 2009 മുതൽ ഇടവകാംഗം | 2013 മുതൽ ഇടവകാംഗം |
| R-091 | B-221 | M-268 |

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-453 | AJIN PAPPACHAN PAUL | AND | 056-950331 |
| A-454 | ASHA MATHEW | RLA | 056-2929597 |
| B-470 | BOBBY VARGHESE | AJS | 055-7749674 |
| B-471 | BINU C GEORGE | AJS | 052-30430500 |
| B-472 | BIJOY T VARGHESE | AND | 056-5592315 |
| B-473 | BINOJ NINAN | AND | 050-2617734 |
| C-067 | CHACKO MATHAI | SRQ | 056-5781476 |
| D-075 | DANIEL K PHILIP | SRQ | 056-5633691 |
| J-843 | MRS. JEBY SARA JENU | AJK | 056-3810669 |
| J-844 | JACOB P ABRAHAM | AJS | 056-2720741 |
| N-089 | NITHIN THOMAS RAJAN | OAI | 052-2768464 |
| S-912 | SOJAN VARGHESE | AJS | 056-4808781 |
| T-284 | TIJO T R | AND | 055-7276012 |
| V-237 | VARUGHESE MATHEW | AWK | 056-3355064 |
| V-238 | VARGHESE THOMAS | AJS | 056-4344800 |
| Z-013 | ZUBIN THOMAS VARGHESE | AND | 052-1201994 |

# AREA - PRAYER GROUPS DETAILS - JULY 2025

| Sl. No. | Area | Name of the Prayer Group | Day of the Meeting | Hosting By |
|---|---|---|---|---|
| 1 | Ajman Karama<br>Ajman Sanaiya | St. Lukes<br>St. Kuriakose | 01/07/2025 Tuesday 8.30 PM - 9.30 PM | Mr.Joshi John Varghese & Family ( J-296 )<br>Mr.George Philip & Family ( G-096 ) |
| 2 | Umm Al Quwain | St. Marks | 02/07/2025 Wednesday 7.30 PM - 9.00 PM | Well Wisher |
| 3 | Abu Shagarah | St. Thomas | 03/07/2025 Thursday 8:30 PM - 9:30 PM | Mr. Jinu Varghese & Family ( J-353 )<br>Mr. Parapallil Pappachan Jose & Family ( P-033 )<br>Mr. Reji Thoppil Punnose & Family ( R-037 ) |
| 4 | Musalla & Al Yarmook | St. Gregorios | 08/07/2025 Tuesday 8.30 PM - 9.30 PM | Well Wisher |
| 5 | Sharjah Cinema & Rolla | St. Peters<br>St. Johns | 10/07/2025 Thursday 08.30 PM - 09.30PM | Well Wisher |
| 6 | Al Nadha & Al Wahda<br>Dubai | St.Dionysius<br>St.Mathews<br>St.Ignatius | 17/07/2025 Thursday 8.30 PM - 9.30 PM | Joji T Mathew ( J-513 )<br>Manoj C George ( M-136 ) |
| 7 | Sharq | St. George | 15/07/2025 Tuesday 8.30 PM - 9.30 PM | Mr.Raju Varghese &Family (R-125)<br>Mr.Jacob cherian & Family (J-716)<br>Mr.Koshy George & Family (K-110)<br>Mr.Geogy Eapen & Family (G-172) |
| 8 | Al Qasimia<br>B.M.W<br>Sharjah University | St. Stephens<br>St. Marys<br>St. Behanans | 24/07/2025 Thursday 8.30 PM - 9.30 PM | Well Wisher |
| 9 | Old Airport | St. Pauls | 31/07/2025 Thursday 8.30 PM - 9.30 PM | Thomas Varghese ( T-105 )<br>Joseph Varghese ( J-123 ) |

## UMM AL QUWAIN SERVICE

2025 ജൂലൈ 16 ബുധനാഴ്ച 7.00 PMന് UAQ Prayer Hallൽ വെച്ച് സന്ധ്യാനമസ്കാരവും തുടർന്ന് വിശുദ്ധകുർബ്ബാനയും നടത്തപ്പെടുന്നതാണ്.

LOCATION



കഴിഞ്ഞ 3 വർഷക്കാലം ഇടവകയുടെ സഹവികരിയായി സ്തുത്യാർഹമായ സേവനം പൂർത്തിയാക്കി, St. Thomas Orthodox Church, Allahabad & St. George Orthodox Church, Jhansi എന്നീ ഇടവകകളുടെ വികാരിയായി പുതിയ ചുമതല ഏൽക്കുവാൻ തക്കവണ്ണം നാട്ടിലേക്ക് മടങ്ങുന്ന ജിജോ പുതുപ്പള്ളി അച്ചന് ഷാർജ ഇടവകയുടെ പ്രാർത്ഥനാശംസകൾ.



നമ്മുടെ ഇടവകയുടെ സഹവികാരി ആയി ചുമതലയേൽക്കുന്ന ബഹു. അച്ചനും കുടുംബത്തിനും മരുഭൂമിയിലെ പരുമലയിലേക്കു സ്വാഗതം

# ജൂലൈ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

*ആചാര്യശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം*

**ജൂലൈ 5**




ഏഴാം മാർത്തോമാ (കോലഞ്ചേരി)

**ജൂലൈ 7**



സഖറിയ മാർ ദിവന്നാസ്യോസ പത്തനാപുരം മൗണ്ട് താബോർ ആശ്രമം

**ജൂലൈ 11**




പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് കോട്ടയം പഴയ സെമിനാരി

**ജൂലൈ 12**




പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന)

**ജൂലൈ 15**



മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മാർത്ത യുലീത്തിയുടെയും ഓർമ്മ

**ജൂലൈ 20**




മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ

**ജൂലൈ 22**




മറിയം മഗ്ദലൈത്തായുടെ ഓർമ്മ

**ജൂലൈ 23**



ഗീവർഗീസ് മാർ ദിയസ്ക്കോറസ് റാന്നി ഹോളി ട്രിനിറ്റി ആശ്രമം

**ജൂലൈ 27**



മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ

## തോമൂസ് – ജൂലൈ

3. വി. മാർതോമ്മാ ശ്ലീഹായുടെ ദുക്റോനോ.
5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 216-ാം ഓർമ്മ. (കോലഞ്ചേരി പള്ളി).
6. **പെന്തിക്കോസ്തിക്കുശേഷം നാലാം ഞായറാഴ്ച**
   മിഷൻ സൺഡേ.
   സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 28-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 252-ാം ഓർമ്മ. (മുളന്തുരുത്തി പള്ളി).
11. കോട്ടയം എം. ഡി. സെമിനാരി സ്ഥാപകൻ *മലങ്കര സഭാ തേജസ്* പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 116-ാം ഓർമ്മ. (കോട്ടയം പഴയ സെമിനാരി).
12. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 3-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന).
13. **പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായറാഴ്ച**
15. മാർ കുറിയാക്കോസ് സഹദായുടെയും, മാതാവ് മർത്ത് യൂലിത്തിയുടെയും, നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
    **പെന്തിക്കോസ്തിക്കുശേഷം ആറാം ഞായറാഴ്ച**
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ. (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രോസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ.
    **പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായറാഴ്ച**
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 739-ാം ഓർമ്മ.

## ജൂലൈ മാസം ഒറ്റനോട്ടത്തിൽ

2. ഉപവാസ പ്രാർത്ഥന
3. സന്ധ്യ നമസ്കാരം/മധ്യസ്ഥ പ്രാർത്ഥന/പ്രാർത്ഥന യോഗം
4. വി.കുർബ്ബാന
5. വി.കുർബ്ബാന
6. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
9. ഉപവാസ പ്രാർത്ഥന
10. സന്ധ്യ നമസ്കാരം/മധ്യസ്ഥ പ്രാർത്ഥന/പ്രാർത്ഥന യോഗം
11. വി.കുർബ്ബാന
12. വി.കുർബ്ബാന
13. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
16. ഉപവാസ പ്രാർത്ഥന
17. സന്ധ്യ നമസ്കാരം/മധ്യസ്ഥ പ്രാർത്ഥന/പ്രാർത്ഥന യോഗം
18. വി.കുർബ്ബാന
19. വി.കുർബ്ബാന
20. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)
24. സന്ധ്യ നമസ്കാരം/മധ്യസ്ഥ പ്രാർത്ഥന/പ്രാർത്ഥന യോഗം
25. വി.കുർബ്ബാന
26. വി.കുർബ്ബാന
27. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:30 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:45 am | Night Prayer, 5.15 am - Morning Prayer |
| | 5:45 am | Holy Qurbana |
| Other | 6.00 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |

# ജൂൺ മാസത്തിൽ ഇടവകയിൽ നടന്ന പ്രധാന പെരുന്നാളുകളും വിശേഷ ദിവസങ്ങളും











## പെന്തിക്കോസ്തി പെരുന്നാൾ







## കാത്തിരിപ്പ് ധ്യാന ശുശ്രൂഷ

# MARTH MARIYAM VANITHASAMAJAM

മർത്ത് മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് ജൂലൈ13,27 തീയതികളിലും, മെഡിക്കൽ സെൽ ജൂലൈ 6, 20 തീയതികളിലും നടത്തപ്പെടുന്നതായിരിക്കും

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് മർത്ത് മറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 15 മുതൽ ഓഗസ്റ്റ് 15 വരെ വിശുദ്ധ വേദപുസ്തകംപാരായണം നടത്തപെടുന്നതാണ്

# SUNDAY SCHOOL ANNOUNCEMENTS

**Sunday School Announcements : (July)**

**Sunday School will be closed for Summer Vacation both July & August months. Will re-open on Sunday, 7th September 2025.**

**The Summer Camp will be arranged on 24th August.**




( ഈ വർഷത്തെ Teen-COLT Conference, July 10th Thursday മുതൽ 13th Sunday വരെ Kottayam Njaliyakuzhy St.Baselios Dayaraയിൽ വച്ച് നടത്തുന്നതാണ്. Summer Vacation- ന് നാട്ടിൽ പോകുന്ന കുട്ടികൾക്കുവേണ്ടി, നടത്തുന്ന International Orthodox Camp-ന് online Register -ചെയ്ത്, fees direct അടച്ച്, പങ്കെടുക്കാവുന്നതാണ്....

( Announced in church )

# OCYM

**യുവജന പ്രസ്ഥാനത്തിന്റെ റെഗുലർ മീറ്റിംഗ് എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയ്ക്കുശേഷം ഉണ്ടായിരിക്കുന്നതാണ്.**




യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മലങ്കര സഭയുടെ ധീര രക്തസാക്ഷി ആറ്റുപുറത്തു വർക്കി വർഗ്ഗീസ്സ് (ആനപ്പാപ്പി സാർ)ന്റെ സ്മരണാർത്ഥം നടത്തപ്പെടുന്ന OCYM സോണൽ തല എവറോളിങ് ട്രോഫിക്കു വേണ്ടിയുള്ള ബാഡ്മിന്റൺ ടൂർണമെന്റും ഇടവക അംഗങ്ങൾക്കായി ഇന്റേണൽ മത്സരവും ജൂലൈ മാസം പതിമൂന്നാം തീയതി ഷാർജ XTRA സ്പോർട്സ് അക്കാദമിയിൽ വച്ച് 12:30 പിഎം മുതൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ യുവജനപ്രസ്ഥാന കൗണ്ടറിൽ പേരുകൾ നൽകുക. നമ്മുടെ ഇടവകയിൽ നിന്നും എല്ലാവർക്കും ഇടവക തല മത്സരങ്ങൾക്കും, പ്രസ്ഥാനം അംഗങ്ങൾക്ക്(സീനിയർ ഫ്രണ്ട്സ് ഉൾപ്പടെ) സോണൽ തല മത്സരങ്ങൾക്കും പങ്കെടുക്കാവുന്നതാണ്.

വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക
റിജു ബാബു :0528465462
ബിനു സി ചാണ്ടി :0528041880




ഷാർജ - സലാല

യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സമ്മർ വെക്കേഷൻ ടൈമിൽ ( ജൂലൈ മാസം 17ന് പുറപ്പെട്ടു 21ന് തിരികെ എത്തിച്ചേരുന്നു ) ഇടവക അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അറേബ്യയിലെ കേരളം എന്നറിയപ്പെടുന്ന സലാലയിലേക്ക് വിനോദയാത്ര സംഘടിപ്പിക്കുന്നു.
പ്രോഗ്രാമിൽ പങ്കെടുക്കുവാനും വിശദവിവരങ്ങൾക്കുമായി ബന്ധപ്പെടുക.

മോൻസി ജോൺ : 0566855088
ജോബിൻ വർഗീസ് : 0503722112



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുഎഇ സോണൽ തലത്തിൽ Al Ain സെന്റ് ഡൈനേഷ്യസ് ഇടവകയിൽ വച്ച് നടന്ന ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നമ്മുടെ യൂണിറ്റ് കരസ്ഥമാക്കി.

# വി. വേദവായന കുറിപ്പ്

03-July Dukhrono of St. Thomas: St.John 20: 19-31

06-July 4th Sunday after Pentecost: St.Mathew 14: 14-23

13-July 5th Sunday after Pentecost : St.Mark 09: 33-41

20-July 6th Sunday after Pentecost : St.Luke 13: 22-35

27-July 7th Sunday after Pentecost : St.Mark 03: 20-30

# നന്ദിയോടെ ഞാൻ സ്തുതി പാടിടും

കഴിഞ്ഞ മൂന്ന് വർഷക്കാലം ഈ അനുഗ്രഹിക്കപ്പെട്ട ഇടവകയുടെ ശുശ്രൂഷയിൽ ഭാഗഭാക്കാകാൻ ദൈവം തന്ന അവസരത്തിന് ഒരായിരം നന്ദി സമർപ്പിക്കുന്നു. ഈ കാലഘട്ടം എന്റെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട അനുഭവങ്ങളിലൊന്നാണ്. നിങ്ങളുടെ സ്നേഹം, പ്രാർത്ഥന, കരുതൽ എന്നിവ ഏറെ ഉത്സാഹം പകരുന്നതായിരുന്നു. അതുകൊണ്ട് തന്നെ ഒരിക്കലും മടുപ്പുകൂടാതെ ശുശ്രൂഷ ചെയ്യുവാൻ സാധിച്ചു എന്നാണ് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നത്.
ഒരായിരം നന്ദി ...

ഇവിടെനിന്നും യാത്രയാകുമ്പോൾ ഏറെ നന്ദിയും മറക്കാത്ത ഒരുപാട് അനുഭവങ്ങളും നല്ല സ്നേഹബന്ധങ്ങളുമൊക്കെ എനിക്ക് കൂട്ടിനുണ്ട് എന്നത് പ്രസ്താവ്യമാണ്. എന്നെ ഈ ദേവാലയത്തിലെ ശുശ്രൂഷയിലേക്ക് നിയോഗിക്കുകയും ഒരു പിതാവിന്റെ കരുതലും വാത്സല്യവും നൽകി ചേർത്ത് നിർത്തുകയും ചെയ്ത ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ.യൂഹാനോൻ മാർ ദിമെത്രിയോസ് തിരുമേനിയോടുള്ള കടപ്പാട് വാക്കുകൾക്ക് അതീതമാണ്. എന്റെ സ്വന്തം നാട്ടിലുള്ളതിനേക്കാൾ സ്വാതന്ത്ര്യത്തോടെ വൈദീകവേഷം ധരിക്കുവാനും ശുശ്രൂഷകൾ നിർവ്വഹിക്കുവാനും സൗകര്യങ്ങൾ ഒരുക്കി തരുകയും, വർഷംതോറും കൊട്ടാരത്തിലേക്ക് വിളിപ്പിച്ച് സ്നേഹാദരവുകൾ പങ്കുവെക്കുകയും ചെയ്ത ഷാർജ എമിറേറ്റിന്റെ മഹാനായ ഭരണാധികാരിയും ഐക്യ അറബ് എമിറേറ്റുകളുടെ ഫെഡറൽ സുപ്രീം കൗൺസിൽ അംഗവുമായ ഷെയ്ഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയോടും, എല്ലാ രാജകുടുംബാംഗങ്ങളോടും, ദേവാലയത്തിലെ ആരാധനാ സംവിധാനങ്ങൾക്കും ശുശ്രൂഷകൾക്കും അനുമതി നൽകുന്ന ഗവൺമെന്റിന്റെ എല്ലാ ഭരണസംവിധാനങ്ങളോടും എനിക്കുള്ള നന്ദിയും സ്നേഹവും നിസീമമാണ്.

**ദേവാലയവും ബലിപീഠവും**

ദൈവം വസിക്കുന്നതായ ഈ വിശുദ്ധ ആലയത്തിൽ എന്ത് പ്രാർത്ഥിച്ചാലും അത് നടക്കാതിരുന്നിട്ടില്ല എന്നുള്ളതാണ് എന്റെ അനുഭവം. ഏറ്റവും ശക്തിയുള്ള ആ വിശുദ്ധ ബലിപീഠം; അതിൽ ബലിയർപ്പിക്കുവാൻ ലഭിച്ച അവസരങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങളായി നിലകൊള്ളുന്നു. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്തവനായ പരി. പരുമല തിരുമേനിയുടെ സാന്നിദ്ധ്യമാണ് ഈ ദേവാലയത്തിൻറെ ശക്തിയുടെ പ്രധാന ഉറവിടം. തുടരെയുള്ള പ്രാർത്ഥനകളും ധൂപാർപ്പണങ്ങളുമെല്ലാം അതിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു. തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അനേകം അസാധ്യമായ കാര്യങ്ങൾ നടന്നതിന് ഞാൻ സാക്ഷിയാണ്. ഈ ദേവാലയവും ബലിപീഠവും അതിലെ ശുശ്രൂഷകളുമൊക്കെയായിരുന്നു വാസ്തവത്തിൽ എന്റെ ഏറ്റവും വലിയ സന്തോഷങ്ങൾ. അതിനെ പിരിയുന്നതിൽ വിഷമമുണ്ട് എങ്കിലും എനിക്കായി മറ്റൊരു ബലിപീഠം കാത്തിരിക്കുന്നു എന്നുള്ള പ്രതിശ്യായിൽ ഞാൻ പോകുന്നു.

**സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ശക്തി**

ഈ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും തങ്ങളുടെ കുടുംബത്തിന്റെ ഭാഗമായി എന്നെ കരുതിയത് ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളാണ്. ഇടവകയിലെ ഓരോ ഭവനങ്ങളിലും കുടുംബങ്ങളിലും എനിക്ക് ലഭിച്ച അനുഭവങ്ങൾ ദൈവസാന്നിധ്യത്തിന്റെ ജീവനുള്ള സാക്ഷ്യങ്ങളായിരുന്നു. എന്നെ നിങ്ങൾ വിശ്വാസത്തിലെടുക്കുകയും എന്നോട് നിങ്ങളുടെ ഹൃദയം പങ്കുവെക്കുകയും ചെയ്തപ്പോൾ കൂടുതൽ പ്രാർത്ഥിക്കുവാനും ദൈവസ്നേഹം പകർന്നു നൽകുവാനും സാധിച്ചു എന്നത് സന്തോഷത്തോടെ ഓർക്കുന്നു.

**ആത്മീക സംഘടനകളുടെ പ്രത്യേക പങ്ക്**

മലങ്കര സഭയിലെ തന്നെ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന നിഷ്കളങ്കതയുടെ പര്യായമായ നമ്മുടെ സൺഡേസ്കൂളും, കർമ്മനിരതയാൽ ഉത്സാഹം പകർന്ന എം ജി ഒ സി എസവും; യുവത്വത്തിന്റെ ഊർജവും ദൈവഭക്തിയുംകൊണ്ട് പ്രചോദനം നൽകിയ യുവജന പ്രസ്ഥാനവും, സേവനത്തിന്റെ മഹത്വം കാണിച്ച മാർത്തമറിയം സമാജവും, ആരാധനയുടെ സൗന്ദര്യം വർദ്ധിപ്പിച്ച ശുശ്രൂഷക സംഘവും, ശുശ്രൂഷകളെ ഹൃദ്യമാക്കിയ ഗായകസംഘവും;

കൂട്ടായ്മയുടെ മാഹാത്മ്യം വിളിച്ചോതിയ പ്രാർത്ഥനായോഗങ്ങളും, സമർപ്പണ പ്രാർത്ഥനകൾ നടത്തി അനേകരെ ആശ്വസിപ്പിച്ച ബുധനാഴ്ച പ്രാർത്ഥനകളും, ആതുര ശുശ്രൂഷയിലൂടെ ശ്രദ്ധേയമായ OMF ഉം, കഷ്ടാനുഭവ ആഴ്ച്ചയിലെ ശുശ്രൂഷകൾ നടത്തുവാൻ അവസരം ലഭിച്ചതും, വായിക്കുവാനും എഴുതുവാനും പ്രോത്സാഹനം തന്ന ഗ്രിഗോറിയൻ ബുള്ളറ്റിനും അതിൻറെ ചുമതലക്കാരും... അങ്ങനെ ഓരോ ആത്മീക അനുഭവങ്ങളും എന്റെ ശുശ്രൂഷയെ അർത്ഥപൂർണ്ണമാക്കി നിങ്ങളോടൊപ്പമുള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഏറെ ആത്മിക ആനന്ദം കണ്ടെത്തുവാൻ സാധിച്ചു എന്നത് നന്ദിയോടെ ഞാൻ ഓർക്കുന്നു.

**നേതൃത്വത്തിനും മാർഗദർശികൾക്കും നന്ദി**

പിന്തുണകളും ഉപദേശങ്ങളും തന്ന ഈ ഇടവകയുടെ മുൻ വികാരി ബഹുമാനപ്പെട്ട ഫിലിപ്പ് എം.ശമുവേൽ കോർ എപ്പിസ്കോപ്പയോടും, ഇപ്പോഴത്തെ വികാരി ബഹുമാനപ്പെട്ട അഡ്വ. ഡോ. ഷാജി ജോർജ് കോർ എപ്പിസ്കോപ്പയോടും, UAE സോണിൽ പ്രവർത്തിക്കുകയും സഹോദര തുല്യം സ്നേഹിക്കുകയും ചെയ്ത എല്ലാ വൈദീക ശ്രേഷ്ഠരോടും, മലങ്കര സഭയുടെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളോടും, ഇപ്പോഴും കഴിഞ്ഞ കാലങ്ങളിലും ശുശ്രൂഷകൾ നിർവഹിച്ച മലങ്കര സഭ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, അസോസിയേഷൻ അംഗങ്ങൾ, ഭദ്രാസന പൊതുയോഗ അംഗങ്ങൾ, ആത്മീയ സംഘടനകളുടെ ദേശീയ തലത്തിലും ഭദ്രാസന തലങ്ങളിലും സ്ഥാനങ്ങൾ വഹിക്കുന്നവർ, ഇടവക മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ചാരിറ്റി കമ്മിറ്റി അംഗങ്ങൾ, ഇടവകയിലെ ഓരോ ആദ്ധ്യാത്മിക സംഘടനകളുടെയും ഭാരവാഹികൾ, ആത്മായ നേതാക്കന്മാർ നിങ്ങൾ ഓരോരുത്തരുടെയും സ്നേഹത്തിനും കരുതലിനും ഞാൻ ഹൃദയപൂർവ്വം നന്ദി സമർപ്പിക്കുന്നു.

**ഉപസംഹാരം**

ഇടവകയിലെ ആരാധനകളും, പ്രാർത്ഥനകളും, പെരുന്നാളുകളും ആഘോഷങ്ങളുമെല്ലാം എനിക്ക് വലിയ അനുഭവങ്ങളായിരുന്നു. ഓരോ നിമിഷവും ദൈവസാന്നിധ്യം അനുഭവിച്ചറിഞ്ഞ നിമിഷങ്ങൾ! ഈ ഇടവകയിൽ നിന്ന് ഞാൻ പോകുന്നുവെങ്കിലും, നിങ്ങളുടെ പ്രാർത്ഥനകളും സ്നേഹവും എന്നെന്നും എന്റെ ഹൃദയത്തിൽ ജീവിക്കും. പരിശുദ്ധനായ പൗലോസ് അപ്പൊസ്തലന്റെ വാക്കുകൾ പോലെ, 'നിങ്ങളെല്ലാവരും എന്റെ ഹൃദയത്തിലാണ് സ്ഥാനംപിടിച്ചിരിക്കുന്നത്' (ഫിലിപ്പിയർ 1:7). ദൈവം തുടർന്നും ഈ ഇടവകയെ അനുഗ്രഹിക്കട്ടെ; നിങ്ങളുടെ വിശ്വാസം വർദ്ധിക്കട്ടെ; ശുശ്രൂഷകൾ അനുഗ്രഹപ്രദമാകട്ടെ; സേവനങ്ങൾ ഫലപ്രദമാകട്ടെ. പുതുതായി വരുന്ന ബഹു.റോബിൻസ് അച്ചൻ എന്റെ സതീർത്ഥ്യനാണ്, അദ്ദേഹം വളരെ നന്നായി പ്രവർത്തിക്കുന്ന ഒരു പുരോഹിതനാണ്. എന്നോട് കാണിച്ച സ്നേഹവും കരുതലും തീർച്ചയായും അദ്ദേഹത്തിനും ലഭിക്കും എന്ന് വിശ്വസിക്കുന്നു. അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു .

മലങ്കര സഭയിലെതന്നെ ഏറ്റവും വലിയ ദേവാലയങ്ങളിൽ ഒന്നായിട്ടും ഒരു വ്യക്തിപോലും എന്നെ പ്രയാസപ്പെടുത്തിയിട്ടില്ല എന്നുള്ളത് നന്ദിയോടെ ഓർക്കുകയാണ്. എല്ലാവരും എനിക്ക് കുടുംബാംഗങ്ങളെ പോലെയായിരുന്നു. വളരെ ഹൃദ്യമായിട്ടാണ് ഓരോരുത്തരും പെരുമാറിയിട്ടുള്ളത്. ധാരാളം സ്നേഹവും കരുതലും ലഭിച്ചു. ദൈവത്തിന്റെ അഭിഷിക്തനെന്ന നിലയിൽ നിങ്ങളോരോരുത്തരും എന്നോട് കാണിച്ച സ്നേഹത്തിനും കരുതലിനും ദൈവം തമ്പുരാൻ നല്ല പ്രതിഫലം തരട്ടെ. എളിയവനായ എനിക്ക് ചെയ്തതൊക്കെയും ദൈവത്തിന് ചെയ്തതായി ദൈവം കണക്കിടട്ടെ. നിങ്ങളുടെ പ്രയത്നങ്ങൾക്ക് മുപ്പതും അറുപതും നൂറും മേനി പ്രതിഫലം ലഭിക്കട്ടെ. യാത്ര തുടരുകയാണ്, ഇനിയും എവിടെയെങ്കിലും കണ്ടുമുട്ടുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു, എന്നാലും എപ്പോഴെങ്കിലും എന്നെ ഓർമ്മവന്നാൽ പ്രാർത്ഥനയിൽ ഓർക്കേണമേ... സമൃദ്ധിയായ അനുഗ്രഹങ്ങൾ നല്കട്ടെയെന്ന പ്രാർത്ഥനയോടെ..... സ്നേഹപൂർവ്വം നിങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.... സമാധാനം നിങ്ങളോട് കൂടെയിരിക്കട്ടെ ...

കർതൃശുശ്രൂഷയിൽ



**ജിജോ പുതുപ്പള്ളി അച്ചൻ**

Private Circulation Only